**കേരള സർക്കാർ**

സംഗ്രഹം

വിനോദ സഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷനിലെ (കെ ടി ഡി സി) വിവിധ അംഗീകൃത തസ്തികകളിലായി കരാറടിസ്ഥാനത്തിൽ നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ സേവനം സ്ഥിരപ്പെട്ടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ(കൈ)നം. 23/2021/ടൂറിസം. തീയതി, തിരുവനന്തപുരം, 02/12/2021

പരാമർശം -
1. സ.ഉ (കൈ) നം. 133/2015/ടൂറിസം ; തീയതി 13.05.2015.
2. സ.ഉ ( കൈ) നം. 20/2019/ ടൂറിസം ; തീയതി 05.11.2019 .
3. ശ്രീമതി.ജയലക്ഷ്മി.കെ മുതൽ പേർ ഫയൽ ചെയ്ത WP(C).No.1324/2020-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 18/03/2021-ലെ വിധിന്യായം.
4. ശ്രീ.ബിജു ഗോപിനാഥ് ഫയൽ ചെയ്ത WP(C).No.668/2020-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 24/02/2021-ലെ വിധിന്യായം.
5. മാനേജിംഗ് ഡയറക്ടർ, കെ ടി ഡി സി-യുടെ 06/07/2021-ലെ കെ ടി ഡി സി/പി.എ.2/ജി.സി./2021, 05/10/2021-ലെ .കെ ടി ഡിസി/പി.എ.2/ റെഗുലറൈസേഷൻ/2021 എന്നീ കത്തുകൾ.

## ഉത്തരവ്

വിവിധ തസ്തികയിലെ ഒഴിവുകളിൽ നിയമിക്കുന്നതിനായി കെ.ടി.ഡി.സി പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങൾക്കനുസൃതമായി അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പരിഗണിച്ച് ഇവരിൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 33 പേരെ, വിവിധ റിട്ട് പെറ്റിഷനുകളിലായി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ ഉത്തരവനുസരിച്ച്, നിശ്ചിത നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ക്രമവൽക്കരിക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതേ നിയമന രീതിയിലൂടെ കെ.ടി.ഡി.സി. - യിൽ വിവിധ തസ്തികകളിൽ നിയമിതരായ 9 കരാർ ജീവനക്കാരെ കൂടി റെഗുലറൈസ് ചെയ്യുന്നതിനായി കെ.ടി.ഡി.സി. പിന്നീട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇവരിൽ 5 പേർ രണ്ട് വ്യത്യസ്ത റിട്ട് പെറ്റീഷനുകളിലായി അനുകൂല ഉത്തരവ് നേടിയിരുന്നു. ഇവരിൽ കേസുകളിൽ പരാതിക്കാരല്ലാത്ത 4 പേരെ ഒഴിവാക്കി, അഞ്ച് കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതനുസരിച്ച് 9 പേരുടെ ലിസ്റ്റിൽ നിന്നും ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ച 5 പേരെ ക്രമവൽക്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായി.

3) തുടർന്ന് മേൽ പരാമർശിച്ച ഉത്തരവ് അനുസരിച്ച് കെ.ടി.ഡി.സി.യിൽ ക്രമപ്പെടുത്തുന്നതിൽ നിന്നും ശ്രീ. ബിജു ഗോപിനാഥ് (വെയ്റ്റർ), ശ്രീമതി ജയലക്ഷ്മി. കെ (വെയ്റ്റർ), ശ്രീ. കെ. ഗിരിപ്രസാദ് (പ്ലംബർ) എന്നിവരെ ഒഴിവാക്കിയ നടപടി അസ്ഥിരപ്പെടുത്തിക്കൊണ്ടും വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ടി വിഷയം സംബന്ധിച്ച കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി. യുടെ ശുപാർശയുടെ വെളിച്ചത്തിൽ ശ്രീ. ബിജു ഗോപിനാഥ് (വെയ്റ്റർ), ശ്രീമതി ജയലക്ഷ്മി കെ (വെയ്റ്റർ), ശ്രീ. കെ.ഗിരിപ്രസാദ് (പ്ലംബർ) എന്നിവരുടെ നിവേദനം പുനഃപരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനും പരാമർശം (3), (4) എന്നിവ പ്രകാരം ബഹു. ഹൈക്കോടതി

ഉത്തരവായിരുന്നു. ശ്രീ ബിജു ഗോപിനാഥ് കരാർ വ്യവസ്ഥയിൽ വെയ്റ്റർ തസ്തികയിൽ 31.03.2004 ലും ശ്രീമതി ജയലക്ഷ്മി.കെ കരാർ വ്യവസ്ഥയിൽ വെയ്റ്റർ തസ്തികയിൽ 23.03.2005 ലും ശ്രീ. കെ. ഗിരിപ്രസാദ് ( പ്ലംബർ ) കരാർ വ്യവസ്ഥയിൽ പ്ലംബർ തസ്തികയിൽ 17/03/2004 ലുമാണ് കെ.ടി.ഡി.സി. യിൽ സേവനം ആരംഭിച്ചത്. കരാർ കലാവധി തീരുന്ന മുറയ്ക്ക് ഇവർക്ക് ഓരോ വർഷവും യൂണിറ്റ് മാനേജരുടെ ശുപാർശ അനുസരിച്ച് കരാർ കാലാവധി പുതുക്കി നൽകിയിരുന്നതായും, പി. എസ്. സി. യുടെ പരിധിയിൽ വരുന്ന കെ.ടി.ഡി.സി. യിലെ വേക്കൻസികൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കെ.ടി.ഡി.സി. യിലെ കരാർ ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്ന വിഷയത്തിൽ സ്റ്റേ ഉത്തരവ് ഒന്നും നിലനിലനിൽക്കുന്നില്ല എന്നും പരാമർശം (5) പ്രകാരം കെ.ടി.ഡി.സി. എം.ഡി അറിയിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2)-ലെ ഉത്തരവിൽ ഉൾപ്പെടുത്താതിരുന്നവരും നിലവിൽ കെ.ടി.ഡി.സി.യിൽ സേവനമനുഷ്ഠിച്ച് വരുന്നവരുമായ ശ്രീ. ബിജു ഗോപിനാഥ് (വെയ്റ്റർ), ശ്രീമതി ജയലക്ഷ്മി കെ (വെയ്റ്റർ), ശ്രീ. കെ.ഗിരിപ്രസാദ് (പ്ലംബർ) എന്നിവരുടെ സേവനം, പരാമർശം (3), (4) എന്നിവയുടെ അടിസ്ഥാനത്തിൽ, അതാത് തസ്തികകളിൽ ക്രമപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം (1), (2) ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

പരാമർശം (3), (4) എന്നീ വിധിന്യായങ്ങളിലെ ബഹു. ഹൈക്കോടതി നിർദ്ദേശങ്ങൾ ഇതിനാൽ നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി. ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ബന്ധപ്പെട്ട വ്യക്തികൾക്ക് *(മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന)*
മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ,
കോർപ്പറേറ്റ് ഓഫീസ്, മാസ്കറ്റ് സ്ക്വയർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം *(ആമുഖ കത്ത് സഹിതം)*
ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർഎസ്എ), കേരള, തിരുവനന്തപുരം
പൊതു ഭരണ (എസ്.സി) വകുപ്പ് *(01/12/2021- ലെ ഇനം നം:404 പ്രകാരം)*
ധനകാര്യ വകുപ്പ് ( PU-C3/35/2021-FIN dated 04/05/2021 പ്രകാരം)
നിയമ വകുപ്പ് (No.8554/Suit III (2)/2021/Law ; dated 08/06/2021 പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് *(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)*
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-12-2021

ഫയൽ നം. ടൂർ-ബി1/195/2019-ടൂർ. ഇനം നം: 404

വിഷയം : ടൂറിസം വകുപ്പ് - കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ കരാർ ജീവനക്കാരുടെ സേവനം ക്രമവത്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ടൂറിസം വകുപ്പ്.

2/12

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
### മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ടൂർ -ബി1 /195/2019-ടൂർ |
| 2. | വകുപ്പ് | ടൂറിസം (ബി) വകുപ്പ് |
| 3. | വിഷയം | കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ കരാർ ജീവനക്കാരുടെ സേവനം ക്രമവത്കരിക്കുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | 10.09.2021 |
| 5. | (1) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | 1) അതെ<br>2) അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | ശ്രീ. സഹീദ് ഇ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്; | ഡോ. വേണു വി. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | 11.11.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് ; | ഡോ. വി. പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി ; | 18.11.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് ; | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | 25.11.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | 29.11.20121 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി ; | 01.12.2021 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും; | സ.ഉ.(കൈ)നം. 23/2021/ടൂറിസം തീയതി 02.12.2021 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിനോദസഞ്ചാരവകുപ്പിന്റെ കീഴിലുള്ള കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി.) ൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീ. ബിജു ഗോപിനാഥ് (വെയ്റ്റർ); ശ്രീമതി ജയലക്ഷ്മി. കെ (വെയ്റ്റർ), ശ്രീ. കെ.ഗിരിപ്രസാദ് (പ്ലംബർ) എന്നിവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ ടി ആളുകൾ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിൽ പുറപ്പെടുവിച്ച ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി കൈക്കൊള്ളുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) വിവിധ തസ്തികയിലെ ഒഴിവുകളിൽ നിയമിക്കുന്നതിനായി കെ.ടി.ഡി.സി പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങൾക്കനുസൃതമായി അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പരിഗണിച്ച് ഇവരിൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 33 പേരെ, വിവിധ റിട്ട് പെറ്റിഷനുകളിലായി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ ഉത്തരവനുസരിച്ച്, നിശ്ചിത നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ക്രമവൽക്കരിക്കുവാൻ 13.05.2015 ലെ സ.ഉ (കൈ) നം. 133/2015/ടൂറിസം പ്രകാരം ഉത്തരവായിരുന്നു. ഇതേ നിയമന രീതിയിലൂടെ കെ.ടി.ഡി.സി. - യിൽ വിവിധ തസ്തികകളിൽ നിയമിതരായ 9 കരാർ ജീവനക്കാരെ കൂടി റെഗുലറൈസ് ചെയ്യുന്നതിനായി കെ.ടി.ഡി.സി. പിന്നീട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇവരിൽ 5 പേർ രണ്ട് വ്യത്യസ്ത റിട്ട് പെറ്റീഷനുകളിലായി അനുകൂല ഉത്തരവ് നേടിയിരുന്നു. ഇവരിൽ കേസുകളിൽ പരാതിക്കാരല്ലാത്ത 4 പേരെ ഒഴിവാക്കി, അഞ്ച് കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതനുസരിച്ച് 9 പേരുടെ ലിസ്റ്റിൽ നിന്നും ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ച 5 പേരെ ക്രമവൽക്കരിച്ച് 13.05.2015 ലെ സ . ഉ (കൈ) നം .133/2015/ ടൂറിസം ഭേദഗതി ചെയ്ത് 05.11.2019 ലെ സ.ഉ ( കൈ) നം. 20/2019/ ടൂറിസം പ്രകാരം ഉത്തരവായി.

3) തുടർന്ന് മേൽ പരാമർശിച്ച ഉത്തരവ് അനുസരിച്ച് കെ.ടി.ഡി.സി.യിൽ ക്രമപ്പെടുത്തുന്നതിൽ നിന്നും ശ്രീ. ബിജു ഗോപിനാഥ് (വെയ്റ്റർ); ശ്രീമതി ജയലക്ഷ്മി. കെ

(വെയ്റ്റർ), ശ്രീ. കെ.ഗിരിപ്രസാദ് (പ്ലംബർ) എന്നിവരെ ഒഴിവാക്കിയ നടപടി അസ്ഥിരപ്പെടുത്തിക്കൊണ്ടും വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ടി വിഷയം സംബന്ധിച്ച കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി. യുടെ ശുപാർശയുടെ വെളിച്ചത്തിൽ ശ്രീ. ബിജു ഗോപിനാഥ് (വെയ്റ്റർ), ശ്രീമതി ജയലക്ഷ്മി. കെ (വെയ്റ്റർ), ശ്രീ. കെ.ഗിരിപ്രസാദ് (പ്ലംബർ ) എന്നിവരുടെ നിവേദനം പുനഃപരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനും W.P.(C)No.1324/2020, W.P(C) No.668/2020 എന്നീ കേസുകളിൽ ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു. ശ്രീ ബിജു ഗോപിനാഥ് കരാർ വ്യവസ്ഥയിൽ വെയ്റ്റർ തസ്തികയിൽ 31.03.2004 ലും ശ്രീമതി ജയലക്ഷ്മി.കെ കരാർ വ്യവസ്ഥയിൽ വെയ്റ്റർ തസ്തികയിൽ 23.03.2005 ലും ശ്രീ. കെ. ഗിരിപ്രസാദ് ( പ്ലംബർ ) കരാർ വ്യവസ്ഥയിൽ പ്ലംബർ തസ്തികയിൽ 17/03/2004 ലുമാണ് കെ.ടി.ഡി.സി. യിൽ സേവനം ആരംഭിച്ചത്. കരാർ കലാവധി തീരുന്ന മുറയ്ക്ക് ഇവർക്ക് ഓരോ വർഷവും യൂണിറ്റ് മാനേജരുടെ ശുപാർശ അനുസരിച്ച് കരാർ കാലാവധി പുതുക്കി നൽകിയിരുന്നതായി കെ.ടി.ഡി.സി. എം.ഡി അറിയിച്ചിട്ടുണ്ട്.

4) W.P.(C)No.1324/2020, W.P(C) No.668/2020 എന്നിവയിലെ ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ, വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന ശ്രീ. ബിജു ഗോപിനാഥ് (വെയ്റ്റർ), ശ്രീമതി ജയലക്ഷ്മി. കെ (വെയ്റ്റർ), ശ്രീ. കെ.ഗിരിപ്രസാദ് (പ്ലംബർ) എന്നിവരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ, നടപടി സ്വീകരിക്കുന്നതിനായി ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അറിയിക്കുകയുണ്ടായി

*" The Administrative Department is requested to state the action taken by KTDC on the basis of Circular of P&ARD insisting on reporting of vacancies to PSC. Finance Department is not recommending the regularization and the status of already regularized staff have to be looked into as Honorable High Court has stayed all regularizations. The Administrative Department may consult the Law department for filing an appeal."*

5) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത് പ്രകാരം ഈ കേസിലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന്റെ സാധുതയെക്കുറിച്ച് നിയമ വകുപ്പിന്റെ അഭിപ്രായമാരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"05.11.2019- ൽ പുറപ്പെടുവിച്ച സ.ഉ (കൈ)നം.20/2019/ടൂറിസം നം. സർക്കാർ ഉത്തരവ് (Ext. P3) പ്രകാരം ക്രമപ്പെടുത്തിയവരുടെ കൂട്ടത്തിൽ നിന്നും റിട്ട് ഹർജികളിൽ കക്ഷികളായിരുന്നില്ലായെന്ന കാരണത്താൽ ഒഴിവാക്കിയതിനെതിരെ യഥാക്രമം ശ്രീമതി . ജയലക്ഷ്മി മുതൽ പേർ W.P.(C) No.1324/2020 നമ്പറാ യും ശ്രീ. ബിജു ഗോപിനാഥ് W.P(C) No.668/2020 നമ്പറായും ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജികൾ ഫയൽ ചെയ്തിരുന്നു. W.P(C) No.668/2020- ലെ ബഹു . ഹൈക്കോടതി വിധിയിൽ Ext.P3 ഉത്തരവിൻ പ്രകാരം പെറ്റീഷണറെ ക്രമപ്പെടുത്താതിരുന്ന നടപടി അസാധുവാക്കിയിരുന്നു. മേൽ കേസിന് സമാനമാണെന്നതിനാൽ ടി വിധിന്യായം W.P.(C) No.1324/2020 കേസിലെ കക്ഷികൾക്കും ബാധകമാണെന്നും ആയതിൻ പ്രകാരം Ext.P3 ഉത്തരവ് അനുസരിച്ച് കെ.ടി.ഡി.സി. യിൽ ക്രമപ്പെടുത്തുന്നതിൽ നിന്നും ഹർജി കക്ഷികളെ ഒഴിവാക്കിയ നടപടി അസ്ഥിരപ്പെടുത്തിക്കൊണ്ട് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ടി വിഷയം സംബന്ധിച്ച കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എം . ഡി . യുടെ ശുപാർശയുടെ (Ext. R2 (a)) വെളിച്ചത്തിൽ ഹർജി കക്ഷികളുടെ നിവേദനം പുന : പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാനാണ് W.P.(C) No. 1324/2020, W.P(C) No. 668/2020 എന്നീ കേസുകളിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ഈ ഘട്ടത്തിൽ ടി വിധിന്യായങ്ങൾക്കെതിരെ വിജയകരമായ അപ്പീൽ സാധ്യത വിരളമാണ്. KTDC - യിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും സ്റ്റേ ഉത്തരവ് നിലവിലുണ്ടോ എന്ന് ഭരണ വകുപ്പ് പരിശോധിക്കേണ്ടതും അപ്രകാരം സ്റ്റേ ഇല്ലാത്ത പക്ഷം W.P.(C) No. 1324/2020, W.P(C) No. 668/2020 എന്നീ കേസുകളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിന്യായങ്ങളിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഹർജി കക്ഷികളുടെ അപേക്ഷ വീണ്ടും പരിഗണിച്ച് ഉചിതമായ തീരുമാനം ഭരണ വകുപ്പിന് തന്നെ കൈക്കൊള്ളാവുന്നതാണെന്ന് പ്രസ്തുത വകുപ്പിനെ അറിയിക്കാവുന്നതാണ്. "

6) പി. എസ്. സി. യുടെ പരിധിയിൽ വരുന്ന കെ.ടി.ഡി.സി. യിലെ വേക്കൻസികൾ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കെ.ടി.ഡി.സി. യിലെ കരാർ ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്ന വിഷയത്തിൽ സ്റ്റേ ഉത്തരവ് ഒന്നും നിലനിലനിൽക്കുന്നില്ല എന്നും കെ.ടി.ഡി.സി. എം.ഡി. അറിയിക്കുകയുണ്ടായി. മേൽ വിവരിച്ച സാഹചര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായപ്രകാരം തുടർ നടപടിയെന്ന നിലയ്ക്ക് നിയമവകുപ്പിൽ നിന്ന് ലഭ്യമാക്കിയ ഉപദേശത്തിന്റെയും; കെ.ടി.ഡി.സി. യിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അഭിപ്രായത്തിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ചുവടെ പറയും പ്രകാരം അറിയിക്കുയുണ്ടായി.

*"നിയമ വകുപ്പിന്റെ ഉപദേശ പ്രകാരം ഉചിതമായ തീരുമാനം ഭരണ വകുപ്പിന് തന്നെ കൈക്കൊള്ളാമെന്ന അറിയിക്കുന്നു."*

7) മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പ്, നിയമ വകുപ്പ് എന്നിവയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 05.11.2019 ലെ സ.ഉ (കൈ) നം.20/2019/ടൂറിസം-ൽ ഉൾപ്പെടുത്താതിരുന്നവരും നിലവിൽ കെ.ടി.ഡി.സി.യിൽ സേവനമനുഷ്ഠിച്ച് വരുന്നവരുമായ ശ്രീ. ബിജു ഗോപിനാഥ് (വെയ്റ്റർ); ശ്രീമതി ജയലക്ഷ്മി. കെ (വെയ്റ്റർ), ശ്രീ. കെ.ഗിരിപ്രസാദ് (പ്ലംബർ) എന്നിവരുടെ സേവനം അതാത് തസ്തികകളിൽ ക്രമപ്പെടുത്തുന്ന വിഷയത്തിലുള്ള തുടർനടപടികൾ സംബന്ധിച്ച ഉത്തരവിനായി ഫയൽ സമർപ്പിച്ചിരുന്നു.

8) State of Karnataka Vs Uma Devi & Others (Supra) കേസിലെ നിർദ്ദേശങ്ങളെ ലംഘിച്ചുകൊണ്ട് ഒരു ക്രമപ്പെടുത്തലും അനുവദനീയമല്ലെന്ന് റിട്ട് അപ്പീൽ നം 2084/2018 ൻ മേലുള്ള 22.02.2021 ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി നിഷ്കർഷിച്ചിരുന്നു. ടി വിധിന്യായത്തിനെതിരെ സംസ്ഥാന സർക്കാർ ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റിഷനിന്മേൽ തീരുമാനമായിട്ടില്ല. അതിനാൽ ഇത്തരം ക്രമപ്പെടുത്തലുകൾ മേൽ വിധിന്യായത്തിന്റെ ലംഘനമാകുമോ എന്ന കാര്യത്തിൽ ചീഫ് സെക്രട്ടറി നിയമ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായമാരാഞ്ഞപ്പോൾ ചുവടെ പറയും പ്രകാരം അറിയിക്കുകയുണ്ടായി.

The power of the State as an employer is governed by Articles 309 of Indian Constitution. The Article contemplates the drawing up of a procedure and rules to regulate the recruitment and conditions of service of persons serving the union or a State.

In **Secretary, State of Karnataka V. Uma Devi (AIR 2006 SCC 1806)**, the Hon'ble Supreme Court emphasized that when rules are framed under Article 309 of the Constitution of India, no regularization is permissible in exercise of the executive powers of the Government under Article 162 of the Constitution in contravention of the rules.

In **Joy Joseph and another V. Institute of Human Resources Development (IHRD) and others (Writ Appeal No.2084/2018)**, the

Hon'ble High Court of Kerala directed that no regularisation can be granted to any temporary employees in the Government/its Departments/Statutory bodies including Local Self Government Institutions/Government Companies/ Statutory Corporations or in any institution like the IHRD where there is 'deep and pervasive state control'/special purpose vehicles formed for implementing specific projects/institutions of public importance and related to governmental functions etc. contrary to the express directions in Uma Devi's case.

In **Upendra Sigh V. State of Bihar and others (Civil Appeal No. 2356/2018)**, the Hon'ble Supreme Court held that irregular appointments can be regularized if the appointment was made by an authority competent to do so, it was made on a vacant sanctioned post in accordance with Article 14 of the Constitution with equal opportunity for participation of others eligible by competitive selection and candidate possessed the eligibility, qualifications for the regular appointment to the post.

In **Union of India and Others V. Ilmo Devi and another,** the Hon'ble Supreme Court stated that Part Time Employees are not entitled to seek regularisation as they are not working in sanctioned posts.

In WP(C) 1324/2020, 668/2020, the Hon'ble High Court of Kerala directed the Government to reconsider the representations of the petitioners, based on the recommendations made by the Managing Director, KTDC. As per the orders of the Hon'ble High Court in earlier

Writ Petitions 33 contract employees in KTDC have been regularised. Thereafter, 5 employees got favourable orders from the Hon'ble High Court. They were regularised in service as per G.O dated 05/11/2019. The claim of the present petitioners was not considered stating the reason that they were not parties to the earlier writ petitions.

The Hon'ble Supreme Court in **State of Uttar Pradesh and Others V. Arvind Kumar Srivastava & Others** (Civil Appeal No. 9849/2014) considered a similar question. It has been held that once it is found that both sets of persons are identically placed, the orders granting them the same benefit are in tune with the constitutional mandate enshrined in Article 14 of the Constitution of India. The Hon'ble Supreme Court went on to say that "Normal rule is that when a particular set of employees is given relief by the court, all other identically situated persons need to be treated alike by extending that benefit. Not doing so would amount to discrimination and would be violative of Article 14 of the Constitution of India. This principle needs to be applied in service matters more emphatically as the service jurisprudence evolved by this Court from time to time postulates that all similarly situated persons should be treated similarly. Therefore, the normal rule would be that merely because other similarly situated persons did not approach the Court earlier, they are not to be treated differently."

Viewed from this angle, in the present case, the claim of the petitioner cannot be thrown away relying the dictum laid down in Uma Devi's case.

9) ഈ വിഷയത്തിൽ ഉത്തരവിനായി മുൻപ് ബഹു. പൊതുമരാമത്തും ടൂറിസവും

വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള കേരള ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷൻ (കെ.ടി.ഡി.സി.) യിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ ബിജു ഗോപിനാഥ് (വെയ്റ്റർ), ശ്രീമതി.ജയലക്ഷ്മി (വെയ്റ്റർ), ശ്രീ. ഗിരിപ്രസാദ് (പ്ലംബർ) എന്നിവരുടെ സേവനം ബഹു.ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, അതാത് തസ്തികകളിൽ ക്രമപ്പെടുത്തി 05.11.2019 ലെ സ.ഉ.(കൈ) നം.20/2019/ടൂറിസം നമ്പർ ഉത്തരവ് ഭേദഗതി ചെയ്യാവുന്നതാണോ ?

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ കരാറ ടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച വരുന്ന ജീവനക്കാരുടെ നിയമനം ക്രമപ്പെടുത്തിയും 13.05.2015 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.133/2015/ടൂറിസം ഭേദഗതി ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (ബി) വകുപ്പ്

സ.ഉ.(കൈ) നം.20/2019/ടൂറിസം തീയതി,തിരുവനന്തപുരം, 05/11/2019

---

പരാമർശം:- 1. ബഹു ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 5904& 21965/2011, 14320/2013, 23186/2014 എന്നിവയിൽ പുറപ്പെടുവിച്ച 04.03.2015 ലെ പൊതുവിധിന്യായം

2 സർക്കാർ ഉത്തരവ് (എം.എസ്) നം.133/2015/ടൂറിസം , തീയതി 13/05.2015

3 കേരള ടൂറിസം ഡെവലപ് മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 27.05.2015, 29.05.2015, 18.08.2015,എന്നീ തീയതികളിലെ കെ.ടി.ഡി.സി./പി.എ.(6)/ജി സി/2015 എന്ന നമ്പർ കത്തുകളും 17.08.2016 തീയതിയിലെ കെ.ടി.ഡി.സി./പി.എ.(6)/ജി സി/2016 എന്ന നമ്പർ കത്തും 18.09.2017 തീയതിയിലെ കെ.ടി.ഡി.സി./പി.എ.(6)/ജി സി/2016എന്ന നമ്പർ കത്തും

ഉത്തരവ്

കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ വിവിധ തസ്തികകളിൽ കരാറടി സ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാർ തങ്ങളുടെ സേവനം ക്രമപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹു ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 5904& 21965/2011, 14320/2013, 23186/2014 എന്നിവയിൽ ബഹു ഹൈക്കോടതി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച പൊതു വിധിന്യായത്തിൽ WP(C) 23186/2014-ൽ സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ട 38 പേരിൽ നിയമനവുമായി ബന്ധപ്പെട്ട്

ദിനപത്രങ്ങളിൽ വന്ന വിജ്ഞാപനമനുസരിച്ച് നിശ്ചിത തെരഞ്ഞെടുപ്പ് പ്രക്രിയക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെട്ടവരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉത്തരാവാകുകയും ആയതു പ്രകാരം കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ വിവിധ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന 33 ജീവനക്കാരെ ക്രമപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി .

2) കരാർ വ്യവസ്ഥയിലെ സേവനം ക്രമപ്പെടുത്തുന്നതിനായി പരാമർശം (1) വിധികൾക്കനുസരിച്ച് പുറപ്പെടുവിച്ച പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ 27 മത് നമ്പറായി ഉൾപ്പെടുത്തിയിരുന്ന ശ്രീ സതീഷ് കുമാർ കെ പി , കുക്ക് നന്ദനം ഹോട്ടൽ , ഗുരുവായൂർ എന്നയാളെ അനധികൃതമായ ഹാജരില്ലായ്മ , പെരുമാറ്റദൂഷ്യം എന്നിവ കാരണം ടിയാന്റെ കരാർ കാലാവധി കഴിഞ്ഞ മുറയ്ക്ക് കോർപ്പറേഷനിൽ നിന്നും പിരിച്ചു വിട്ടുവെന്നും ടിയാന് പകരം ശ്രീ സജീവൻ ടി പി , വെയ്റ്റർ , മലബാർ മാൻഷൻ കോഴിക്കോട് എന്നയാളെ ഉൾപ്പെടുത്തി മേല്പറഞ്ഞ ഉത്തരവ് ഭേദഗതിചെയ്ത് ഉത്തരവാകണമെന്നും പരാമർശം (2) ഉത്തരവിൽ കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ചുവടെ ചേർത്തിരിക്കുന്ന 9 ജീവനക്കാരെ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ , മാനേജിങ് ഡയറക്ടർ സർക്കാർ മുമ്പാകെ പരാമർശം (3) മുഖേന പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി .

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | പ്രേംലാൽ എൽ എൽ | വെയിറ്റർ |
| 2 | ബിനു.പി.എം | എ.സി.മെക്കാനിക്ക് |
| 3 | പ്രശാന്ത്.ടി | വെയിറ്റർ |
| 4 | ബാലുനാഥ് .വി.എസ്. | വെയിറ്റർ |
| 5 | മനോജ് കുമാർ.ആർ.ഡി. | വെയിറ്റർ |
| 6 | ജയ ലക്ഷ്മി കെ | വെയിറ്റർ |
| 7 | ബിജു ഗോപിനാഥ് | വെയിറ്റർ |
| 8 | ഗിരി പ്രസാദ് കെ | പ്ലംബർ |
| 9 | വിജീഷ് പി പി | പ്ലംബർ |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കരാർ വ്യവസ്ഥയിലെ സേവനം ക്രമപ്പെടുത്തുന്നതിനായി നിർദ്ദേശിച്ച 9 പേരിൽ മേൽ പരാമർശിച്ച റിട്ട് പരാതികളിലൊന്നും

കക്ഷികളല്ലാത്തവരെ ഒഴിവാക്കി WP.(C)No. 21965/14 -ലെ പരാതിക്കാരായ ശ്രീ.മനോജ് കുമാർ.ആർ.ഡി. (വെയിറ്റർ),ശ്രീ.ബാലുനാഥ് .വി.എസ്.(വെയിറ്റർ) WP (C) 23186/14 -ലെ പരാതിക്കാരായ പ്രേംലാൽ എൽ.എൽ(വെയിറ്റർ), ശ്രീ.പ്രശാന്ത്.ടി (വെയിറ്റർ) ,ശ്രീ.ബിനു.പി.എം (എ.സി.മെക്കാനിക്ക്) എന്നിവരുടെ കരാർ വ്യവസ്ഥയിലെ സേവനം ക്രമപ്പെടുത്തി ഉത്തരവാകുന്നു. കൂടാതെ പരാമർശം (2) ഉത്തരവിലെ ക്രമ നം. 27 ആയിരുന്ന ശ്രീ.സതീഷ് കുമാർ കെ പി , കുക്ക്, നന്ദനം, ഗുരുവായൂർ-ന് പകരം പ്രസ്തുത സ്ഥാനത്തു ശ്രീ.സജീവൻ.ടി.പി, വെയിറ്റർ, മലബാർ മാൻഷൻ -എന്നയാളെ ഉൾപ്പെടുത്തി ടി ഉത്തരവ് ഭേദഗതി ചെയ്യും ഉത്തരവാകുന്നു.

4) പരാമർശം (2) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ് മെന്റ് കോർപ്പറേഷൻ ,
കോർപ്പറേറ്റ് ഓഫീസ്, മാസ്കറ്റ് സ്ക്വയർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ആഡിറ്റ്) കേരളം.
തിരുവനന്തപുരം.
പൊതു ഭരണ ( എസ്.സി) വകുപ്പ് (ഇനം നം: 3410 ; തീയതി 31.10.2019 പ്രകാരം).
ധനകാര്യ വകുപ്പിന് (01/02/2018-ലെ PU-C3/160/2017-FIN പ്രകാരം)
വിവരപൊതുജനസമ്പർക്കവകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ